**റൂളിംഗ്**

<u>മാധ്യമങ്ങളിൽവന്ന തെറ്റിധാരണാജനകമായ പരാമർശം സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെ സ്പീക്കർ താക്കീത് ചെയ്തുവെന്ന നിലയിൽ ഇന്നലെയും ഇന്നും മാധ്യമങ്ങളിൽ വ്യാപകമായി വാർത്ത വന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ചില വസ്തുതകൾ വിശദീകരിക്കേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു. 15-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ 2022 ഫെബ്രുവരി 22-ാം തീയതി മറുപടി പറഞ്ഞ 20-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ വിവിധ പിരിവുകൾക്ക് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി ഒരേ രൂപത്തിലുള്ളതാണെന്നും ഇത് സഭാംഗങ്ങളുടെ അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ച് കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാർ ചെയറിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിലൂടെ ഉന്നയിക്കപ്പെട്ട ആക്ഷേപത്തിന്മേൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ പ്രതികരണം ചെയർ ആരാഞ്ഞിരുന്നു. അതിനുള്ള മറുപടിയായി നിയമസഭാ ചോദ്യത്തിന് ഗവൺമെന്റിൽ ലഭ്യമായ മറുപടിയാണ് നൽകിയതെന്നും

വ്യത്യസ്ത പിരിവുകളിലെ ചോദ്യങ്ങൾ പരസ്പരം ബന്ധപ്പെട്ട് വരുന്നതിനാലാണ് സംയോജിത മറുപടി ലഭ്യമാക്കിയതെന്നും നിയമസഭാ ചോദ്യങ്ങൾക്ക് മനഃപൂർവം ഒഴിഞ്ഞുമാറുന്ന സമീപനം സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരുന്നു.

ശ്രീ. എ. പി. അനിൽ കുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ചോദ്യത്തിന്റെ വ്യത്യസ്ത പിരിവുകൾക്ക് ഒരേ മറുപടി നൽകിയ നടപടി ശരിയായ പ്രവണതയല്ലെന്നും ഭാവിയിൽ ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ അറിയിക്കാൻ ചെയർ ഉത്തരവിറക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിക്ക് കത്ത് നൽകുകയും അക്കാര്യം പരാതി നൽകിയ കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാറിനെ അറിയിക്കുകയും ചെയ്തിരുന്നു. ഒരു ചോദ്യത്തിന്റെ വ്യത്യസ്ത പിരിവുകൾക്കുള്ള മറുപടി സമാനമാണെങ്കിൽ സാധാരണ ഒരു കോമൺ ബ്രാക്കറ്റിനകത്ത് പൊതുവായ, ഒറ്റ മറുപടിയായി നൽകാറുണ്ട്. എന്നാൽ വിശദമായി പരിശോധിച്ചതിൽ നിയമസഭാ ചോദ്യങ്ങളുടെ പോർട്ടലിൽ ചോദ്യത്തിന്റെ പിരിവുകൾക്കുള്ള പൊതുമറുപടി, ഒറ്റ മറുപടിയായി

അപ്‌ലോഡ് ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ചില സാങ്കേതിക തടസ്സങ്ങളുള്ളതായി കാണുകയുണ്ടായി. എന്നാൽ മന്ത്രിക്ക് കത്ത് നൽകിയ സന്ദർഭത്തിൽ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. പിന്നീട് ബഹുമാനപ്പെട്ട മന്ത്രി, ഡി, ഇ, എഫ് എന്നീ പിരിവുകൾക്ക് ഒരേ ഉത്തരം നൽകിയ കാര്യം പരിശോധിച്ചപ്പോഴാണ് അങ്ങനെ വന്നത് സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതിമൂലമാണെന്നും കോമൺ ബ്രാക്കറ്റിൽ ഒറ്റ മറുപടിയായി നൽകുന്നതിന് കഴിയാത്ത സാങ്കേതിക തടസ്സമുണ്ടെന്നും കണ്ടെത്തിയത്. അത് പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സാധാരണയായി ഇത്തരം സന്ദർഭങ്ങളിൽ സ്പീക്കർക്ക് ലഭിക്കുന്ന പരാതികളിൽ നിയമസഭാ സെക്രട്ടേറിയറ്റ് സ്വീകരിക്കുന്ന ഒരു പൊതുനടപടിക്രമം എന്നല്ലാതെ ഇക്കാര്യത്തിൽ അസാധാരണമായ ഒന്നും സംഭവിച്ചിട്ടില്ലെന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മാധ്യമ വാർത്തകളിൽ കണ്ടതുപോലെ താക്കീത്, ശാസന എന്നീ പദപ്രയോഗങ്ങളൊന്നും നേരത്തേ നൽകിയ കത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യവും വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടേതല്ലാത്ത

ഉത്തരവാദിത്വത്തിന്റെ പേരിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയാണെങ്കിലും മറ്റ് ഏതെങ്കിലും അംഗമാണെങ്കിലും ചെയറിന്റെ പരിരക്ഷ ആവശ്യമുണ്ടെന്നതുകൊണ്ടാണ് ഈ വിശദീകരണം നൽകുന്നത്.